ഖുത്വ്ബ
28.7.2006,
ഹദീഖത്തുൽ മഹ്ദി,
ആൾട്ടൻ, ഹാമ്പ്ഷയർ

# ജൽസയിൽ പാലിക്കേണ്ട നിർബന്ധകാര്യങ്ങൾ

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് വൈകുന്നേരത്തോടെ ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാനക്ക്-വാർഷികസമ്മേളനത്തിന് തുടക്കം കുറിക്കുകയാണ്. ജൽസാസാലാന അതിന്റെ തയ്യാറെടുപ്പ് തുടങ്ങുന്നതോടെയാണ് ആരംഭിക്കുന്നതെന്ന് നമുക്കെല്ലാം അറിയാം. ജൽസ വരുന്നുവെന്നും തങ്ങൾ അതിനുള്ള തയ്യാറെടുപ്പ് നടത്തുന്നുവെന്നും പ്രവർത്തകർക്ക് തോന്നിത്തുടങ്ങുന്നതോടെ ജൽസ ആരംഭിച്ചു. അതിഥികൾ വരുന്നതോടെ ആ ബോധം വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. ഇപ്രാവശ്യം അതിഥികൾ പ്രതീക്ഷിച്ചതിനേക്കാൾ മുമ്പേ വന്നുതുടങ്ങി. അതുകൊണ്ട് ജൽസയുടെ ഭംഗിയും വേഗം കാണാൻതുടങ്ങി.

ഞാൻ കഴിഞ്ഞ ഖുത്വ്ബയിൽ പറഞ്ഞതുപോലെ ഒരുപാടാളുകൾ ഇപ്രാവശ്യം പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇവിടെ എത്തിയിട്ടുണ്ട്. അവർ ആദ്യമായിട്ടാണ് വിദേശത്തുവരുന്നത്. അവരിൽ വലിയൊരു വിഭാഗം അലങ്കാരങ്ങളോ ആർഭാടങ്ങളോ ഇല്ലാത്തവരും ഗ്രാമീണരുമാണ്. അവരുടെ ഈ അവസ്ഥ കാരണത്താൽ ആതിഥ്യപരിപാലനത്തിൽ അവരോട് ഒരും വ്യത്യാസവും കാണിക്കാൻ പാടില്ല. പക്ഷേ, ഈ വരുന്ന അതിഥികളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, നിങ്ങളൊരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ജൽസയിൽ പങ്കെടുക്കുന്നത്. നിങ്ങൾ ഇവിടെ വന്നതിന്റെ ഉദ്ദേശ്യം ഏതെങ്കിലും ഭൗതികമായ ഉത്സവത്തിൽ പങ്കെടുക്കുകയല്ല എന്ന കാര്യം എപ്പോഴും നിങ്ങൾക്ക് ഓർമ്മയുണ്ടായിരിക്കേണ്ടതാണ്. നിങ്ങൾ ഇവിടെ വന്നത് നിങ്ങളുടെ ആത്മീയമായ അഭിവൃദ്ധിക്കുവേണ്ടിയാണ്. ഇപ്പോൾ വന്നിട്ടുള്ളവരിൽ അധികവും ഇവിടെ യു.കെയിൽ താമസിച്ചുവരുന്ന അഹ്മദികളാണ്. ജർമ്മനിയിലും യൂറോപ്പിലും പാർത്തുവരുന്ന അഹ്മദികളും കൂടുതലായി എത്തിയിട്ടുണ്ട്. പാക്കിസ്ഥാനിൽനിന്നും ഇന്ത്യയിൽനിന്നും അഹ്മദികൾ ഇവിടെ വന്നിരിക്കുന്നു. ഇവരിൽ വലിയൊരുവിഭാഗം ഞാൻ പറഞ്ഞതുപോലെ ആദ്യമായിട്ട് ഇവിടെ വന്നവരാണ്. ഇവിടത്തെ അവസ്ഥകളെക്കുറിച്ചും രീതികളെക്കുറിച്ചും അവർ അജ്ഞരാണ്. എല്ലാവർഷവും സ്ഥിരമായി വരുന്ന അതിഥികളും ഉണ്ട്. അവരുടെ ബന്ധുക്കൾ ഇവിടെ താമസിച്ചുവരുന്നവരാണ്. ഇതുകൂടാതെ വിവിധ രാജ്യങ്ങളായ ആഫ്രിക്ക, ഏഷ്യ, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും അഹ്മദികളും അഹ്മദികളല്ലാത്ത നമ്മുടെ ചില സഹോദരങ്ങളും ഈ ജൽസയിൽ പങ്കെടുക്കുന്നുണ്ട്. അനഹ്മദികളായ അതിഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് ആതിഥ്യം നൽകേണ്ടത് വളണ്ടിയർമാരുടെ മാത്രം പ്രവൃത്തിയല്ല. ആരോടൊപ്പമാണോ ആ അതിഥികൾ വന്നിട്ടുള്ളത് അവരും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇത് നിങ്ങളുടെ ഉത്തരവാദിത്തമാണ്. അഹ്മദികളായ അതിഥികളോട് അവരുടെ ചില ഉത്തരവാദിത്തങ്ങളെക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നു. ഇവിടെ യു.കെയിലും യൂറോപ്യൻ രാജ്യങ്ങളിലും വസിക്കുന്ന അഹ്മദികളുടെ ചില ബന്ധുക്കളും സുഹൃത്തുക്കളും പരിചയക്കാരും അതിഥികളായി എത്താറുണ്ട്. അവർ വരുമ്പോൾ വീട്ടുകാരായ ബന്ധുക്കൾ വിവിധ വകുപ്പുകളിൽ തങ്ങളുടെ ഡ്യൂട്ടികൾ ചെയ്യുകയായിരിക്കും. നിങ്ങൾ ഇവിടെ വന്നിട്ടുള്ളത് ഇവിടത്തെ ആത്മീയമായ ചുറ്റുപാടിൽനിന്നും ജൽസയിൽനിന്നും ഫലമെടുക്കാനാണ്. നിങ്ങളുടെ ശ്രദ്ധ ഇക്കാര്യത്തിൽതന്നെയായിരിക്കണം. പരിചയമുള്ള വളണ്ടിയർമാരിൽനിന്ന് അനാവശ്യമായിട്ടുള്ള പ്രതീക്ഷ നിങ്ങൾക്കുണ്ടാകാൻ പാടില്ല. പാരമ്പര്യത്തിൽനിന്ന് വിട്ടുകൊണ്ട് അവർ അതിഥി സൽക്കാരം ചെയ്യണമെന്നോ സേവനം നടത്തണമെന്നോ നിങ്ങൾ വിചാരിക്കയും അരുത്. ഈ വളണ്ടിയർമാരെ നിങ്ങളൊരു കാര്യത്തിനും നിർബന്ധിക്കുകയുമരുത്. പരിചയക്കാരായ വളണ്ടിയർമാരിൽനിന്ന് തെറ്റായ പ്രതീക്ഷകൾ വെച്ചുപുലർത്തുന്നതായി ചിലപ്പോൾ കാണാറുണ്ട്. ഡ്യൂട്ടി ചെയ്യേണ്ടത് നിർബന്ധമായ കാരണത്താൽ അത്തരക്കാരുടെ പ്രതീക്ഷ അവർക്ക് പൂർത്തിയാക്കാൻ സാധിച്ചുവെന്ന് വരില്ല. അങ്ങനെ വരുമ്പോൾ ഇന്ന ബന്ധു, ഇന്ന എന്റെ അടുത്തയാൾ എന്നോട് നല്ലനിലയിൽ

പെരുമാറിയില്ല. എന്നെ ഗൗനിച്ചില്ല എന്നൊക്കെ പരാതി പറയാൻ തുടങ്ങുന്നു. അതിഥികൾക്ക് ആതിഥ്യം നല്കുന്ന ആതിഥേയരോടും വിവിധതരത്തിലുള്ള ഡ്യൂട്ടിയിൽ ഏർപ്പെട്ടിട്ടുള്ളവരോടും അതിഥികളെ ആദരിക്കണമെന്നും അവരെ ബഹുമാനിക്കണമെന്നും കല്പിച്ചിട്ടുള്ളതുപോലെതന്നെ നിങ്ങൾക്ക് സേവനം ചെയ്യുന്നവർക്കും, നിങ്ങൾ താമസിക്കുന്ന വീട്ടുകാർക്കും അനാവശ്യമായി ഭാരമാകരുതെന്ന് അതിഥികളോടും കല്പിച്ചിരിക്കുന്നു. അവരിൽനിന്ന് അർഹമല്ലാത്തതൊന്നും പ്രതീക്ഷിക്കരുത്. വളണ്ടിയർമാർക്ക് സംഘാടകർ ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ആ പരിധി ലംഘിച്ച് തെറ്റായ നിലയിൽ സഹായമെടുക്കാൻ പരിശ്രമിക്കാതിരിക്കുക. നിങ്ങൾക്ക് സേവനം ചെയ്യുന്നവരോട് നല്ലരീതിയിൽ പെരുമാറുക. നിങ്ങളെ സേവിക്കുന്നതിൽ നന്ദി കാണിക്കുക. ഈ സൽപെരുമാറ്റം, ഈ പരിഗണന, ഈ ഉപകാരസ്മരണ, ഈ നന്ദിപ്രകടനം അതിഥികളിൽനിന്നുണ്ടാകുമ്പോൾ അല്ലാഹുവിനുവേണ്ടി പരസ്പരം ബന്ധപ്പെടുകയും അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ജമാഅത്തിന് അടിത്തറവീഴും. ആ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരുടെ സമൂഹമായി അവർ മാറുകയും ചെയ്യും.

നോക്കുക, ഹസ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയായിരുന്നു അതിഥികളെ സൽക്കരിച്ചിരുന്നത്. അതിഥികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കാര്യത്തിൽ അവിടന്ന് എത്രമാത്രം ശ്രദ്ധാലുവായിരുന്നു. ചിലപ്പോൾ, ദ്വേഷപ്പെട്ടുപോയ അതിഥിയെ സമാധാനപ്പെടുത്തുന്നതിനും തിരിച്ചുകൊണ്ടുവന്ന് സന്തോഷിപ്പിക്കുന്നതിനുമായി പിന്നാലെ വേഗത്തിൽ വേഗത്തിലോടുന്നു. ചിലപ്പോൾ കാലാവസ്ഥ അങ്ങേയറ്റം മോശമായിട്ടും രാത്രിയിൽ പാലുകൊണ്ടുകൊടുക്കുന്നു. ചിലപ്പോൾ അതിഥികൾക്ക് വീട്ടിലെ എല്ലാ കിടക്കകളും കൊടുത്തിട്ട് ഭാര്യയോടും മക്കളോടുമൊപ്പം തണുപ്പ് സഹിച്ച് രാത്രി കഴിച്ചുകൂട്ടുന്നു. ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകാതിരിക്കാൻവേണ്ടി ആചാരോപചാരങ്ങൾ ഒന്നും വേണ്ടെന്നും ആവശ്യമുള്ളത് തുറന്നുപറയണമെന്നും അതിഥികളോട് പറയുന്നു. വിവിധ സ്ഥലങ്ങളിൽ ജീവിക്കുന്നവരുടെ സ്വഭാവവും ഭക്ഷണവും വിവിധ തരത്തിലായിരിക്കുന്നതുകൊണ്ട് അവരെ ശ്രദ്ധിക്കണമെന്ന് ലങ്കർഖാനയിലെ പ്രവർത്തകരോട് നിർദ്ദേശിക്കുന്നു. അതിഥികളോട് ചോദിച്ച് അവരുടെ പ്രകൃതിക്കനുയോജ്യമായ ഭക്ഷണം പാകം ചെയ്തുകൊടുക്കാൻ പറയുന്നു. മുറുക്കുന്ന ശീലമുള്ള അതിഥികളുടെ ആവശ്യങ്ങളും പ്രത്യേകം പരിഗണിക്കുന്നു. അതിഥികൾ എത്തുന്നത് തനിക്ക് സന്തോഷമാണെന്നു പറയുകയും അതുകൊണ്ട് തനിക്കത് ഭാരമാണെന്ന് അതിഥികളൊരിക്കലും ധരിക്കരുതെന്ന് അവരോട് അപേക്ഷിക്കുകയും ചെയ്യുന്നു.

ഈ എല്ലാ മാതൃകകളും അവിടന്ന് അവിടത്തെ യജമാനരും നേതാവുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ മാതൃകയിലൂടെ പ്രവർത്തിച്ചുകൊണ്ടാണ് കാണിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിഥിസൽക്കാരത്തിന്റെ ഉന്നതമാതൃക നിലനാട്ടാൻതന്നെയാണ് ഇന്ന് ജമാഅത്ത് പരിശ്രമിക്കുന്നതും. വ്യക്തിഗതമായനിലയിൽ ആരുടെ വീട്ടിലാണോ അതിഥികൾ താമസിച്ചിട്ടുള്ളത് അവരും ഈ വികാരം തന്നെയാണ് പ്രകടിപ്പിക്കുന്നതും പരിശ്രമിക്കുന്നതും. പക്ഷേ, ഇവിടെ ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുന്നത്, ജൽസാ ദിനങ്ങളിൽ വമ്പിച്ച ജനക്കൂട്ടമായതിനാൽ, ജനങ്ങൾ കൂടുതൽ വരുന്നതിനാൽ തിരക്ക് വളരെ കൂടുതലായിരിക്കും. അഹ്മദിയ്യാ ലോകത്തിലെ ഓരോ രാജ്യത്തുനിന്നും, വിവിധ വിഭാഗങ്ങളിൽപെട്ടയാളുകളാണ് വരുന്നത്. ജമാഅത്ത് വ്യവസ്ഥിതി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോരുത്തർക്കും ആതിഥ്യം നല്കുന്നുണ്ട്. ചില ജനതകളിലെ ആദരണീയരായ വ്യക്തികളുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള ഏർപ്പാട്, കഴിവിന്റെ പരമാവധി നല്ലതാക്കിത്തീർക്കാനാണ് ശ്രദ്ധിക്കുന്നത്. ഏതെങ്കിലും ജനതയിലെ ആദരണീയരായ വ്യക്തികൾ നിങ്ങളുടെയടുക്കൽ വന്നാൽ, അവരെ ആദരിക്കുക എന്നും കല്പനയുണ്ട്. എന്നാൽ, അതിനു പുറമെ അഹ്മദികൾക്കും അവരുടെ താല്പര്യമനുസരിച്ച് അതിഥിസൽക്കാരം നല്കിവരുന്നു. ജമാഅത്തിന്റെ വ്യവസ്ഥിതിയനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ്(അ)ന്റെ ലങ്കർ വളരെ വളർന്നുകഴിഞ്ഞിരിക്കുന്നു. അവിടെ വിവിധ പ്രകൃതിക്കാരും സ്വഭാവക്കാരും വിവിധ സ്ഥലക്കാരുമായിട്ടുള്ളവരുടെ താല്പര്യമനുസരിച്ച് ഭക്ഷണം നല്കിവരുന്നു. എങ്കിലും ഏർപ്പാടുകളിൽ കുറവുകൾ ഉണ്ടാകാം. ഏതെങ്കിലും സമയത്ത് ഏതെങ്കിലും അതിഥിയെ ശരിയായനിലയിൽ സൽക്കരിക്കാൻ കഴിയാതെ വരികയോ, എവിടെയെങ്കിലും പോരായ്മ ഉണ്ടാകുകയോ, താൽപര്യമനുസരിച്ച് ഭക്ഷണം കിട്ടാതെ വരികയോ ചെയ്താൽ അത് മോശമായി കാണുക എന്നത് അതിഥിയ്ക്ക് ചേർന്നതല്ല. ഇഷ്ടത്തിനനുസരിച്ചല്ലെങ്കിൽതന്നെയും, ക്ഷമയോടും കൃതജ്ഞതയോടുംകൂടി ജോലിയെടുക്കുന്ന ആളുകളെ ആക്ഷേപി

ക്കാതെ ആ ഭക്ഷണം കഴിക്കേണ്ടതാണ്. അല്ലെങ്കിൽ ആക്ഷേപിക്കാതെ അവിടെനിന്ന് തിരിച്ചുപ്പോരേണ്ടതാണ്. നിങ്ങളുടെ ഭക്ഷണം എന്റെ ഇഷ്ടത്തിനനുസരിച്ചല്ല അതുകൊണ്ട് ഞാൻ കഴിക്കുന്നില്ല എന്ന് ഒരു പ്രവർത്തകനും തോന്നാൻ ഇടകൊടുക്കരുത്.

ജൽസാദിനങ്ങളിൽ കടകൾ തുറന്നു പ്രവർത്തിക്കാറുണ്ട്. അവിടെ വിവിധ ഭക്ഷണപദാർത്ഥങ്ങൾ കിട്ടുന്നതാണ്. അവിടെപോയി നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ചുള്ള ഭക്ഷണം കഴിക്കാവുന്നതാണ്. നബി(സ) തിരുമേനി പറയുന്നു: അതിഥികൾക്ക് ആതിഥേയൻ എന്തു ഭക്ഷണം കൊടുത്താലും അത് സന്തോഷത്തോടെ തിന്നേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, ഹസ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളുടെ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ തിരക്കുണ്ടാകുന്ന ഈ ജൽസാ ദിനങ്ങളിൽ പ്രത്യേകമായ ഉദ്ദേശ്യസാഫല്യത്തിനായി ജനങ്ങൾ വരുമ്പോൾ എല്ലാ അതിഥികളോടും ഒരുപോലെ പെരുമാറണമെന്ന് അവിടന്ന് വളണ്ടിയർമാരോട് പറയുമായിരുന്നു. ഇനി അയാൾക്ക് എന്തെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ അതയാൾ സ്വയം നിറവേറ്റേണ്ടതാണ്. ഇതുസംബന്ധമായി ഇങ്ങനെയൊരു സംഭവം നമുക്ക് ലഭിക്കുന്നുണ്ട്.

മൗലവി ഗുലാം ഹസ്സൻ സാഹിബ് പിശാവരിയും അദ്ദേഹത്തിന്റെ കൂടെ വന്നവർക്കുമായി പ്രത്യേകമായ നിലയിൽ ചില ഭക്ഷണങ്ങൾ ഉണ്ടാക്കിയപ്പോൾ അവിടന്ന് പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരുപോലെയാണ്. ഈയവസരത്തിൽ വ്യത്യാസവും വേർതിരിവും കാണിക്കാൻ പാടില്ല. എല്ലാവർക്കും ഒരേതരത്തിലുള്ള ഭക്ഷണമാണ് വേണ്ടത്. ഇവിടെ ചെറുതും വലതുമായി ആരുമില്ല. മൗലവി സാഹിബിന്, വേറിട്ട് ഏർപ്പാട് ചെയ്യാൻ അദ്ദേഹത്തിന്റെ മകൾ ഇവിടെയുണ്ടല്ലോ. അദ്ദേഹം ഇപ്പോൾ നമ്മുടെ അതിഥിയാണ്. എല്ലാ അതിഥികളോടൊപ്പമാണ്. അതുകൊണ്ട് എല്ലാവർക്കും ഒരേരീതിയിലുള്ള ഭക്ഷണം തയ്യാറാക്കുക. ശ്രദ്ധിച്ചുകേൾക്കുക! ഭക്ഷണത്തിൽ ഒരുതരത്തിലുള്ള വിവേചനവുമുണ്ടാകരുത്.

ഭക്ഷണത്തിന് കുറ്റം പറയുന്ന അതിഥികൾക്കുള്ള ഉപദേശമാണിത്. ചിലർ താമസസൗകര്യത്തെക്കുറിച്ചും ആക്ഷേപം പറയാറുണ്ട്. ഒറ്റക്ക് താമസിച്ചിട്ടുള്ള ശീലമാണെന്നും അതുകൊണ്ട് പ്രത്യേകമായി മുറി തരണമെന്നും അവർ പറയുന്നു. നിങ്ങൾ ജമാഅത്തിനോടൊപ്പമാണ് വന്നതെങ്കിൽ ജമാഅത്ത് എന്താണോ സൗകര്യം ചെയ്തുതരുന്നത് അതിനെ സന്തോഷത്തോടെ സ്വീകരിക്കണം. എല്ലാവർക്കും പ്രത്യേകം പ്രത്യേകം താമസസൗകര്യമൊരുക്കാൻ നിർവ്വാഹമില്ല. വലുതും ചെറുതുമായി ആരുംതന്നെയില്ല."

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ പറഞ്ഞത് ഒരു വിവേചനവും പാടില്ല എന്നാണ്. അതുകൊണ്ട് അതിഥികൾ ഇക്കാര്യം ശ്രദ്ധിക്കണം. ചിലപ്പോൾ സംഘാടകരും നിർബന്ധിതരായിപ്പോകും. നിങ്ങൾ ആത്മീയഭക്ഷണം കഴിക്കാനാണ് ഇവിടെ വന്നിട്ടുള്ളത്. അതാണ് നിങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം. അതുകൊണ്ട് അക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധതിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വ്യവസ്ഥിതി വളരെ പ്രവർത്തനനിരതമാണ്. വിവിധ വഴികളിലൂടെ കുറവുകളും പോരായ്മകളും കണ്ടെത്തി അത് പരിഹരിക്കാൻ സംഘാടകർ ശ്രദ്ധിക്കുന്നുണ്ട്. എന്നിട്ടും അങ്ങനെയുള്ള എന്തെങ്കിലും ഉണ്ടായാൽ ഒരിക്കലും വെറുപ്പ് പ്രകടിപ്പിക്കരുത്. ഞാൻ പറഞ്ഞതുപോലെ സൽസ്വഭാവം പ്രകടിപ്പിക്കുക. എല്ലാ സമയത്തും എല്ലാ അഹ്മദികളിൽ നിന്നും ഈ ജൽസാ ദിനങ്ങളിൽ സൽസ്വഭാവം പ്രകടമാകേണ്ടതാണ്. ***ഖൂലു ലിന്നാസി ഹുസ്ന*** എന്ന കല്പന- കഴിഞ്ഞ ഖുത്ബയിൽ വളണ്ടിയർമാരോട് ഞാനിതിനെക്കുറിച്ച് പറഞ്ഞതാണ്- ജൽസയിൽ പങ്കെടുക്കുന്ന നിങ്ങൾക്കും കൂടിയുള്ളതാണ്. എന്നല്ല ഞാൻ മനസ്സിലാക്കുന്നത് നിങ്ങളാണതിൽ കൂടുതൽ സംബോധിതരെന്നാണ്. കാരണം പങ്കെടുക്കുന്നവരായിരിക്കും അധികവും. ഈ പങ്കെടുക്കുന്നവരുടെ സ്വഭാവം പോരായ്മകളുള്ളതാണെങ്കിൽ ആ ചുറ്റുവട്ടത്തിലെ സമാധാനം മോശമാകാൻ സാധ്യതയുണ്ട്. പങ്കെടുക്കുന്നവർ അവരുടെ ദ്വേഷം കൊണ്ടോ ശുണ്ഠിയും വിഷമവും ഭീഷണിയുംകൊണ്ടോ വളണ്ടിയർമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിന് കാരണക്കാരാകുമ്പോൾ അവരുടെ സേവന മനോഭാവത്തേയും കഴിവിനേയും അത് ബാധിക്കുന്നതാണ്. പിന്നീട് സംഘാടകർക്കും അത് തലവേദയനയാകും. കാരണം ഓരോരുത്തരുടേയും സ്വഭാവം ഒരുപോലെയായിരിക്കുകയില്ല. സംഘാടകരാണെങ്കിൽ എപ്പോഴും പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഞാനും അവരെ ഉപദേശിച്ചുകൊണ്ടിരിക്കുന്നത് ഏതെങ്കിലും അതിഥി എന്തെങ്കിലും അപമര്യാദ കാണിച്ചാൽ ഡ്യൂട്ടി ചെയ്യുന്ന വളണ്ടിയർമാരായ പുരുഷന്മാരും സ്ത്രീകളും പെൺകുട്ടികളും അതേ രീതിയിൽ ഒരിക്കലും പ്രതികരിക്കരുതെന്നാണ്. എങ്കിലും ചില ഘട്ടങ്ങളിൽ അത്തരം അവസ്ഥയുണ്ടാകാറുണ്ട്. ജൽസയിൽ പങ്കെടുക്കുന്ന അതിഥികളുടെ അശ്രദ്ധയും

നിയന്ത്രണം വിട്ടുള്ള വികാരപ്രകടനവും മുഴുവൻ അന്തരീക്ഷത്തേയും മോശമാക്കുന്നു. ഡ്യൂട്ടി ചെയ്തുകൊണ്ടിരിക്കുന്ന സേവകനോട് അപമര്യാദ യോടെ പെരുമാറുമ്പോൾ ആളുകൾ രണ്ട് തട്ടിലായി പിരിയുന്നു. അത് ചിലപ്പോൾ ചെറിയൊരു കാര്യത്തെ കൂടുതൽ ആളിക്കത്തിക്കുന്നു. ഡ്യൂട്ടി ചെയ്യുന്നവരുടെ പക്ഷക്കാർകൂടിച്ചേരുമ്പോൾ അതൊരു ഗ്രൂപ്പായി മാറുന്നു.

ഇത്തരം ഒന്നും ഒറ്റയും സംഭവങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ, പഴയ വൈരാഗ്യവും കൂടി ഇതിനിടയിലേക്ക് കടന്നുവരുമ്പോൾ പരസ്പരം ശുണ്ഠി പിടിപ്പിക്കുന്ന പദപ്രയോഗങ്ങൾ നടത്തുകയും അങ്ങനെ അത് അടിപിടിയിൽ കലാശിക്കുകയും ചെയ്യുന്നു. അത്തരം മോശപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നവർ- അവർ ഒന്നോരണ്ടോ കുടുംബമായാൽ പോലും മുഴുവൻ അന്തരീക്ഷത്തേയും മലീമസമാക്കുകയാണ് ചെയ്യുന്നത്. അതിനാൽ ജൽസയുടെ അന്തരീക്ഷത്തെ മലീമസമാക്കുന്ന അത്തരം ഒരുതരത്തിലുള്ള ദുഷ്പെരുമാറ്റവും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയുള്ള വികാരങ്ങൾ ജ്വലിച്ചുയരുകയാണെങ്കിൽ, നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ അത്തരക്കാർ ജൽസയിൽ പങ്കെടുക്കാതിരിക്കുന്നതാണ് ഉത്തമം. കാരണം ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസയെ അല്ലാഹുവിനുവേണ്ടി മാത്രമുള്ള ജൽസയെന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലി(സ)ന്റേയും കാര്യങ്ങൾ കേൾക്കുന്നതിനും അത് തന്റെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നതിനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിതം കഴിച്ചുകൂട്ടുന്നതിനും വേണ്ടിയാണ് ഇവിടെ വരുന്നതെന്ന് ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്. നിസ്സാരകാര്യങ്ങളിൽ വൈരാഗ്യമുണ്ടാകാൻ ഒരിക്കലും അനുവദിക്കരുത്. സഹനശക്തി വർദ്ധിപ്പിക്കേണ്ടതാണ്. നബി(സ) തിരുമേനി പറയുന്നു: നിരർത്ഥകവും വ്യർത്ഥവുമായ കാര്യങ്ങൾ ഉപേക്ഷിക്കുക എന്നതും ഇസ്ലാമിന്റെ ഒരു സൗന്ദര്യമാണ്. ഇസ്ലാമിനെക്കുറിച്ച് പഠിക്കുമെന്നും അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുമെന്നുമുള്ള പ്രതിജ്ഞ യെടുക്കുന്നതിനുവേണ്ടിയാണ് നമ്മളിവിടെ സമ്മേളിച്ചിട്ടുള്ളതെന്ന് എപ്പോഴും ഓർക്കുക. പിന്നീട് നബി (സ) പറഞ്ഞു: പരസ്പരം സൽസ്വഭാവത്തോടെ പെരുമാറുക എന്നതും തിന്മയെ ഇല്ലായ്മ ചെയ്യാനുള്ള ഒരു വലിയ മാർഗ്ഗമാണ്. ഈ ദിനങ്ങളിൽ എന്തെങ്കിലും ദോഷകരമായ കാര്യങ്ങൾ കണ്ടാൽതന്നെ നബി(സ)തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് ക്ഷമ കൈക്കൊള്ളേണ്ടതാണ്. സൽസ്വഭാവത്തോടെ ഓരോരുത്തരോടും പെരുമാറേണ്ടതാണ്. ഈ രീതിയിലും ദോഷങ്ങൾ അകന്നുപോകാറുണ്ട്. നിങ്ങളുടെ ധാർമ്മികഗുണങ്ങൾ കൂടുതൽ മെച്ചപ്പെടുകയും ചെയ്യും. ചിലപ്പോൾ ചില കാര്യങ്ങൾ ബുദ്ധിമുട്ടിന് കാരണമായിത്തീരാറുണ്ട്. പ്രത്യേകിച്ച് അധികമാളുകൾ കൂടുന്ന സ്ഥലമാകുമ്പോൾ നാണക്കേട് കൊണ്ട് മനുഷ്യൻ കൂടുതൽ കോപാകുലനാകുന്നു. എന്നാൽ, ഈ അന്തരീക്ഷത്തെ സമാധാനപരമായി നിലനിർത്താൻവേണ്ടി ഓരോരുത്തരും സഹിഷ്ണുതയോടും സഹനത്തോടുംകൂടി പ്രവർത്തിക്കേണ്ടതാണ്. കാരണം പ്രശ്നങ്ങൾ പെരുപ്പിക്കുന്നതിനനുസരിച്ച് അന്തരീക്ഷം വഷളായിക്കൊണ്ടിരിക്കും. ഞാനിത് സംബന്ധമായി ഒരു നർമ്മം നിങ്ങളെ കേൾപ്പിക്കാം. ഇതിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് തന്റെ സ്വഹാബത്തിന് ഇക്കാര്യത്തിൽ ശിക്ഷണം കൊടുത്തതെന്ന് മനസ്സിലാകും.

ഒരിക്കൽ ഖാദിയാനിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കൾ പെരുകി. അക്കാരണത്താൽ ഒരുപാട് ഒച്ചയും ബഹളവുമുണ്ടായി. പീർ സിറാജുൽ ഹഖ് സാഹിബ് നിരവധി നായ്ക്കളെ വിഷം കൊടുത്ത് കൊന്നു. അത് കണ്ടപ്പോൾ ചില കുസൃതിക്കുട്ടികൾ പീർസാഹിബിനെ ശുണ്ഠിപിടിപ്പിക്കാനായി 'പട്ടിയെക്കൊല്ലിപീർ' എന്ന് വിളിച്ചു. പീർസാഹിബ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ വന്ന് ആളുകൾ, തന്നെ പട്ടിയെക്കൊല്ലി എന്ന് വിളിക്കുന്നതായി പരാതിപ്പെട്ടു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുകേട്ട് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: അതിലെന്തിരിക്കുന്നു. നോക്കുക (ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് അദ്ദേഹത്തോട് പറയുകയാണ്) വിശുദ്ധ ഹദീസിൽ എന്റെ പേര് പന്നിയെക്കൊല്ലി എന്നാണ് എഴുതിയിട്ടുള്ളത്. കാരണം മസീഹിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് **യഖ്തുലുൽ ഖിൻസീർ** എന്നാണ്. അതുകേട്ട് പീർസാഹിബിന് ചിരി വരികയും അദ്ദേഹത്തിന്റെ ദ്വേഷം തണുക്കുകയും ചെയ്തു.

എത്രമനോഹരമായിട്ടാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ ദ്വേഷത്തെ അകറ്റിയത്. അതിനാൽ തികച്ചും ആത്മീയത നിറഞ്ഞ ഈ അന്തരീക്ഷത്തിൽ ദ്വേഷമുണ്ടാക്കുന്ന എന്തെങ്കിലും കാര്യം കാണുകയോ കേൾക്കുകയോ ചെയ്താൽ അതവഗണിച്ച് അന്തരീക്ഷത്തിന്റെ പവിത്രത നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. ഇവിടെ, ഈ പുതിയ സ്ഥലത്ത് 'ഹദീഖത്തുൽ മഹ്ദി'യിൽ നമ്മുടെ

ആദ്യത്തെ ജൽസയാണ് നടക്കുന്നത്. ഇപ്പോൾ അത് തുടങ്ങിക്കഴിഞ്ഞു. അല്ലാഹു അതിനെ എല്ലാ രീതിയിലും വിജയിപ്പിക്കുമാറാകട്ടെ. പങ്കെടുക്കുന്നവർ എത്രയധികം ഉന്നതസ്വഭാവം കാണിക്കുകയും നിയമങ്ങളും ചട്ടങ്ങളും അനുസരിക്കുകയും ചെയ്യുമോ അത്രയുമധികം ഇൻശാഅല്ലാഹ് നടക്കാൻ പോകുന്ന നമ്മുടെ ജൽസ എളുപ്പമായിത്തീരും. തന്റെ മുസ്‌ലിം സഹോദരനെ നല്ല നിലയിൽ നോക്കിക്കാണേണ്ടത് സത്യവാനായ അഹ്മദിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്. അങ്ങനെ ഇത് ജമാഅത്തുപരമായ ഉത്തരവാദിത്തമായി മാറും. നിങ്ങളുടെ നിസ്സാരമായ ചലനം, അത് ജൽസഗാഹിലാകട്ടെ, ഈ ഹദീഖത്തുൽ മഹ്ദിയുടെ ഏതെങ്കിലും കോണിലാവട്ടെ, റോഡിലാവട്ടെ നിങ്ങളുടെ സ്വഭാവത്തെയായിരിക്കും എടുത്തുകാണിക്കുക. എന്നല്ല, അതുമുഖേന ജമാഅത്തിനെക്കുറിച്ചുള്ള മോശമായ ചിത്രം ഈ പ്രദേശത്ത് മുഴച്ചുവരും. അതിനാൽ ഈ പ്രദേശത്ത് ജമാഅത്തിനെക്കുറിച്ച് തെറ്റായ ചിത്രം മുഴച്ചുവരുന്ന അത്തരം ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ശ്രമിക്കേണ്ടത് നിങ്ങളെല്ലാവരുടെയും കടമയാണ്. പരസ്പരമുള്ള കാര്യങ്ങളിലായാലും, സമീപവാസികളുമായുള്ള കാര്യങ്ങളിലായാലും ഇത് ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ ട്രാഫിക് തടസ്സമുണ്ടാകുന്ന കാരണത്താൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. തിരക്കു കാരണത്താൽ ട്രാഫിക് തടസ്സമുണ്ടാകുകയും അവിടെത്തെ നിയമങ്ങളും ചട്ടങ്ങളും ലംഘിക്കേണ്ടിവരികയും ചെയ്യുന്ന ഒരവസ്ഥ ഉണ്ടാകാൻ ഇടകൊടുക്കരുത്. തെറ്റ് മറ്റുള്ളവരുടേതാണെങ്കിലും നിങ്ങൾ മാപ്പുചോദിക്കുക. ഇക്കാര്യങ്ങൾ നിങ്ങളുടെ ഉന്നതസ്വഭാവത്തെക്കുറിച്ചുള്ള സങ്കല്പം ഈ പ്രദേശത്ത് സ്ഥാപിതമാക്കും. ഈ വർഷം, ഈ പ്രദേശത്തെ ഒരുപാടാളുകളുടെ ദൃഷ്ടികൾ നിങ്ങളുടെമേലുണ്ട്. നിങ്ങൾ നിങ്ങളുടെ ഉന്നതസ്വഭാവംകൊണ്ട് ഈ ആളുകളുടെ ഹൃദയത്തിൽ നിങ്ങൾക്കുവേണ്ടിയും ജമാഅത്തിനും ഇസ്‌ലാമിനുവേണ്ടിയും സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുക.

മറ്റൊരു കാര്യത്തിലേക്കും നിങ്ങളുടെ ശ്രദ്ധക്ഷണിക്കുകയാണ്. പാക്കിസ്ഥാനിൽനിന്നും മറ്റു രാഷ്ട്രങ്ങളിൽനിന്നും വന്നിട്ടുള്ള സഹോദരങ്ങൾ- അടുത്തബന്ധുക്കളുടെ വീട്ടിൽ കഴിയുന്നവരൊഴികെ- ജൽസയ്ക്കുശേഷം എത്രയും വേഗം തങ്ങളുടെ നാട്ടിലേക്ക് മടങ്ങിപ്പോകാൻ ശ്രമിക്കുക. ജമാഅത്തിന്റെ വ്യവസ്ഥിതിയ്ക്കനുസരിച്ച് അവർക്കുള്ള അതിഥി സൽക്കാരം നടന്നുവരുന്നുണ്ട്. പക്ഷേ, അനാവശ്യമായി ആർക്കും ഭാരമാകരുത് എന്ന് അതിഥികളോടും കല്പിച്ചിരിക്കുന്നു. താമസിക്കാൻ എന്തായാലും സ്ഥലം ജമാഅത്ത് തന്നിട്ടുണ്ട് അതുകൊണ്ട് കുറച്ചുദിവസം നിന്ന് എന്തെങ്കിലും ജോലിയൊക്കെയെടുത്ത് യാത്രച്ചെലവ് സമ്പാദിച്ച് മടങ്ങാം എന്ന് ചിലയാളുകൾ കരുതാറുണ്ട്. ജൽസയിൽ പങ്കെടുക്കുക എന്നുദ്ദേശ്യത്തോടെ വരുന്നവർക്ക് ഈ ചിന്താഗതി ഉണ്ടാകാൻ പാടില്ല. ഇത്തരം ചിന്താഗതിയുണ്ടെങ്കിൽ, ജമാഅത്തിന്റെ അതിഥിയായി വരാതെ സ്വയം നിങ്ങൾ അതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. അങ്ങനെയാണെങ്കിൽതന്നെ വിസയുടെ കാലാവധി തീരുന്നതിനുമുമ്പേ തിരിച്ചുപോകേണ്ടതാണ്. ഇത്തരം ചിന്താഗതി തന്നെ തെറ്റാണെന്നാണ് ഒന്നാമതായി പറയാനുള്ളത്. വിസ വാങ്ങിയിട്ടുള്ളവരിൽ അധികവും, ജൽസയിൽ പങ്കെടുക്കാൻ പോകുന്നുവെന്നാണ് കാണിച്ചിട്ടുള്ളത്. ഞാൻ ചോദിച്ചവരെല്ലാം ഇതുതന്നെയാണ് പറഞ്ഞത്. എമ്പസികൾ നിങ്ങളെ വിശ്വസിച്ചിട്ടാണ് വിസ നല്കിയിരിക്കുന്നത്. ഈ വിശ്വാസം ജമാഅത്തിന് ഒരു സ്ഥാനമുള്ളതുകൊണ്ടാണ്. അതുകൊണ്ട് നിയമവിരുദ്ധമായ കാര്യങ്ങൾ നിങ്ങൾ ചെയ്യുമ്പോൾ ജമാഅത്തിന് ചീത്തപ്പേരുണ്ടാകുന്നു എന്ന കാര്യവും നിങ്ങളോർക്കണം. ഏതൊരു ദൈവികോദ്ദേശ്യത്തിനുവേണ്ടിയാണോ നിങ്ങൾ യാത്ര ചെയ്തുവരുന്നത്, അതിനെ ആ ഉദ്ദേശ്യമാക്കിത്തന്നെവയ്ക്കുക. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

നബി(സ) തിരുമേനി നമ്മെ ഈ ദുആ പഠിപ്പിച്ചിരിക്കുന്നു. അല്ലാഹുവേ, ഞാൻ നിന്നിൽനിന്ന് നന്മയും ഭക്തിയും തേടുന്നു. നിനക്കിഷ്ടപ്പെട്ട പ്രവൃത്തി ചെയ്യാൻ നീ ഞങ്ങൾക്ക് കഴിവു നല്കേണമേ. അല്ലാഹുവിനുവേണ്ടി ചെയ്തിട്ടുള്ള ഈ യാത്രയിൽ ഈ ദുആകൾ നിറഞ്ഞുനില്ക്കുമ്പോൾ അല്ലാഹു അവന്റെ അനുഗ്രഹംകൊണ്ട് നിങ്ങളുടെ സഞ്ചികൾ നിറയ്ക്കുന്നതാണ്. കാരണം ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം നിരവധി ദുആകൾ ചെയ്തിട്ടുണ്ട്. അല്ലാഹു നമ്മെയെല്ലാം അതിന്റെ അനന്തരാവകാശികളാക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ നിങ്ങൾ ഈ സദുദ്ദേശ്യത്തോടെ ദുആ ചെയ്യുമ്പോൾ, ഭൗതികമായ ഒരു ആർത്തിയോ ആഗ്രഹമോ നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കുകയില്ല. നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കുവേണ്ടിയും പിന്നിലുള്ള എല്ലാ ബന്ധുക്കൾക്കുവേണ്ടിയും നബി(സ) ചെയ്ത ഈ ദുആ 'അല്ലാഹുവേ, യാത്രാക്ലേശങ്ങളിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു, അനിഷ്ടകരവും ദുഃഖമുളവാക്കുന്നതുമായ കാഴ്ചകളിൽനിന്നും, ധന

ത്തിലും കുടുംബക്കാരിലും ഉണ്ടാകുന്ന ദോഷഫല ങ്ങളിൽനിന്നും, ഇഷ്ടപ്പെടാത്ത മാറ്റങ്ങളിൽനിന്നും' ആത്മാർത്ഥതയോടെ ചെയ്യുകയാണെങ്കിൽ ഈ പ്രാർത്ഥന, നിങ്ങളുടെ യാത്രയെ എളുപ്പമാക്കിത്തരുന്നതാണ്. നിങ്ങളുടെ വീട്ടുകാരെ സന്തോഷം കൊണ്ട് നിറയ്ക്കുന്നതാണ്. ഭൗതികമായ സമ്പാദനത്തിന് നിങ്ങൾക്കൊരിക്കലും നല്കാൻ കഴിയാത്ത സമാധാനവും ശാന്തിയും കണ്ണിനു കുളിർമ്മയും നിങ്ങൾക്ക് നിങ്ങളുടെ വീട്ടുകാരിൽനിന്നും മക്കളിൽനിന്നും ലഭ്യമാകുന്നതാണ്. ഈ ദിനങ്ങളിൽ നിങ്ങൾ എപ്പോഴും എല്ലാതരം ദുആകളും സദുദ്ദേശ്യങ്ങളുംകൊണ്ട് നിങ്ങളെ നിറയ്ക്കുവാൻ ശ്രമിക്കുക. ജൽസാപരിപാടികൾ അതീവശ്രദ്ധയോടെ കേൾക്കുക. നമസ്കാരസമയങ്ങളിൽ നൂറുശതമാനം ഹാജരുണ്ടാകണം. ഈ അന്തരീക്ഷത്തിന്റെ ഭവ്യതയും പവിത്രതയും നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് ഇതുതന്നെയാണ്. ഞാൻ ആദ്യം പറഞ്ഞത് വീണ്ടും ആവർത്തിക്കുകയാണ്. ഈ ദിനങ്ങൾ പ്രത്യേകമായി ദൈവസ്മരണയിലും, സലാത്തിലും കഴിച്ചുകൂട്ടുക. കാരണം, ഇന്ന് മുസ്‌ലിം ഉമ്മത്ത്, ഇസ്‌ലാമിക വിരുദ്ധശക്തികളിൽനിന്ന് അക്രമപരമായ നടപടികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കേണ്ടത് നിങ്ങളുടെ ദുആ മാത്രമാണ്.

മറ്റുചില നിർദ്ദേശങ്ങളുമുണ്ട്. മുദ്രാവാക്യം ഓരോരുത്തരും അവരവരുടെ ഇഷ്ടത്തിന് വിളിക്കാൻ പാടില്ല. എന്തെങ്കിലും കാര്യം ഹൃദയത്തിൽ തട്ടുമ്പോൾ അതിൽനിന്ന് മുദ്രാവാക്യം പൊട്ടിപ്പുറത്തുവരുന്നുണ്ടെങ്കിൽ വിളിച്ചുകൊള്ളുക. പക്ഷേ, ഒരാളെ കണ്ടുകൊണ്ട് ഓരോ മുക്കിലും മൂലയിലും നിന്ന് അതുപോലെ വിളിനാദം ഉയരാൻ പാടില്ല. സംഘാടകർ അതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

ഈ ദിനങ്ങളിൽ ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിലേക്ക് നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്. ജൽസാപരിപാടികൾ കേൾക്കുന്നവർ മാത്രമല്ല, വളണ്ടിയർമാരോടും കൂടിയാണ് ഞാൻ പറയുന്നത്. അവർ എവിടെ ഡ്യൂട്ടി ചെയ്യുകയാണെങ്കിലും അവിടെ നമസ്കരിക്കാനുള്ള സംവിധാനവും ഉണ്ടാക്കിയിരിക്കേണ്ടതാണ്. അവരുടെ മേലുദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്തമാണിത്. അവർ ഇക്കാര്യം ശ്രദ്ധിക്കുക. ജൽസാകാര്യങ്ങൾ നോക്കുന്ന തർബിയത്ത്വകുപ്പും ഇത് നോക്കേണ്ടതാണ്.

കുട്ടികൾക്കുവേണ്ടി പ്രത്യേക പന്തൽ ഒരുക്കിയിട്ടുണ്ട്. കൈക്കുഞ്ഞുങ്ങളുള്ള ഉമ്മമാർ ആ പന്തലിൽതന്നെ കുട്ടികളുമായിപ്പോയി ഇരിക്കേണ്ടതാണ്. മെയിൻപന്തലിൽ സ്ത്രീകളോ പുരുഷന്മാരോ ചെറിയ കുട്ടികളുമായി വരാൻ പാടില്ല. ചെറിയ കുട്ടികൾ കുസൃതി കാണിക്കുകയും, ബഹളം വയ്ക്കുകയും കരയുകയും ചെയ്യുന്ന കാരണത്താൽ മറ്റുള്ളവർക്കും നമസ്കാരത്തിൽ മനശ്ശാന്തി കിട്ടുകയില്ല. അല്ലെങ്കിൽ ജൽസാപരിപാടികൾ സ്വസ്ഥതയോടെ കേൾക്കാൻ പറ്റുകയില്ല. ഇക്കാര്യം ശ്രദ്ധിക്കുക. കുട്ടികളുടെ ബഹളം കാരണം മെയിൻ പന്തലിൽ, മറ്റാരെങ്കിലും അവരെ തടഞ്ഞാൽ- അത് സമാധാനത്തോടെയാണെങ്കിൽതന്നെയും മാതാപിതാക്കൾക്ക് ദ്വേഷം പിടിക്കുന്നു. അതുകൊണ്ട് എല്ലാത്തരം ദുഷ്പെരുമാറ്റത്തിൽനിന്നും രക്ഷപ്പെടുന്നതിന് കുട്ടികളുള്ളവർ കുട്ടികൾക്കായി തയ്യാറാക്കിയിട്ടുള്ള സ്ഥലത്തിരിക്കുന്നതാണ് ഉത്തമം.

ജൽസയിൽ ഒരുപാടാളുകൾ പുതുതായി എത്തിയിട്ടുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. കച്ചവടക്കാരും, തർബിയ്യത്തുവകുപ്പും എപ്പോഴും ഓർക്കുക, ജൽസാപരിപാടികൾ നടക്കുമ്പോൾ ബാസാർ തുറന്നു പ്രവർത്തിക്കാൻ പാടില്ല. ആരും അവിടെയും ഇവിടെയും അലഞ്ഞുതിരിഞ്ഞു നടക്കാനും പാടില്ല. ജൽസാപരിപാടികൾ നടക്കുമ്പോൾ ഇക്കാര്യം പൂർണ്ണമായും ശ്രദ്ധിക്കേണ്ടതാണ്.

അനാവശ്യമായ സംസാരങ്ങളിൽനിന്ന് പിൻവാങ്ങുക. പരസ്പരം മര്യാദപാലിച്ചും സൗമ്യമായും സംസാരിക്കുക. ചിലപ്പോൾ ചെറുപ്പക്കാർ സംഘം ചേർന്നിരുന്ന് അനാവശ്യ സംസാരങ്ങളിലേർപ്പെടാറുണ്ട്. അങ്ങനെ ശബ്ദം ഉയർന്നുയർന്നു മറ്റുള്ളവർക്ക് അലോസരമാകുംവിധമായിത്തീരും. പ്രത്യേകിച്ച് നിങ്ങളുടെയടുത്ത് നിങ്ങളുടെ ഭാഷ അറിയാത്ത ആളുകൾ ഇരിപ്പുണ്ടെങ്കിൽ ചിലപ്പോൾ അതും കോലാഹലത്തിന് കാരണമാകും. അതുകൊണ്ട് അതും ശ്രദ്ധിക്കേണ്ടതാണ്.

വണ്ടികൾ പാർക്ക് ചെയ്യുമ്പോഴും- ഇപ്രാവശ്യം യൂറോപ്പിൽനിന്നും മറ്റും ഒരുപാട് വാഹനങ്ങൾ എത്തിയിട്ടുണ്ട്- പ്രത്യേകം ശ്രദ്ധിക്കുക. വിരോധിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒരിക്കലും വാഹനങ്ങൾ പാർക്ക് ചെയ്യരുത്. ട്രാഫിക് നിയമങ്ങൾ പാലിക്കുക. ഇതിനെക്കുറിച്ച് ഞാൻ മുമ്പും പറഞ്ഞിട്ടുണ്ട്. ജൽസഗാഹിൽ, പാർക്കുചെയ്യുന്ന സ്ഥലത്തെ വാളണ്ടിയർമാരുമായി പരിപൂർണ്ണമായും സഹകരിക്കുക.

വൃത്തിയും ശ്രദ്ധിക്കണം. പ്രത്യേകിച്ച് കുളിമുറിയിലും മറ്റും. വൃത്തി ഈമാന്റെ ഭാഗമാണ്. ഈ ജൽസാഗാഹിൽ എല്ലാം ഒരുക്കിയിട്ടുള്ളത് താൽക്കാലികമായിട്ടാണ്. അതുകൊണ്ട് പ്രത്യേകമായ നില

യിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ വൃത്തി തുടർന്നുള്ള നമ്മുടെ പരിപാടികളെയെല്ലാം എളുപ്പമാക്കിത്തരും. മലിനീകരണം കൂടുന്നതിനനുസരിച്ച് ബുദ്ധിമുട്ടുകളും പെരുകും.

സ്ത്രീകൾ, ചുറ്റിക്കറങ്ങാനും മറ്റും കൂടുതൽ താൽപര്യമുള്ളവരാണ്. അതുകൊണ്ട് അവർ സൂക്ഷിക്കുകയും വേണം. സ്വന്തം സ്ഥലത്താണെങ്കിലും വെളിയിലാണെങ്കിലും ശരി. ഇത് പുതിയ സ്ഥലമാണ്. ഇവിടം ചുറ്റിക്കാണണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ജൽസാ കഴിഞ്ഞതിനുശേഷമുള്ള സമയത്ത് അത് പൂർത്തിയാക്കിക്കൊള്ളുക. ജൽസ നടക്കുമ്പോൾ അത് പാടില്ല. എന്നാൽ, ഒരുകാര്യം ഓർക്കുക; എപ്പോഴും പർദ്ദ തീർച്ചയായും പാലിക്കേണ്ടതാണ്; അഹ്മദികളോടൊപ്പം വന്നിട്ടുള്ള അനഹ്മദിസ്ത്രീകൾ ഒഴികെ. അവർക്ക് പർദ്ദ ഉണ്ടാകാറില്ല. പക്ഷേ, അഹ്മദികൾ പർദ്ദയുടെ കാര്യം ശ്രദ്ധിക്കേണ്ടതാണ്. കൂടെവരുന്ന അനഹ്മദി സ്ത്രീകളോട് അഹ്മദിസ്ത്രീകൾ കാര്യം പറഞ്ഞാൽ തീർച്ചയായും അവർ അത് പരിഗണിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ പരിപാടികളിൽ, ഷാളോ, തട്ടമോ പുതച്ചുകൊണ്ട് അവർ വരുന്നത് മിക്കപ്പോഴും കാണാം. അതവരുടെ ഒരു സവിശേഷതയാണ്. അല്പം പറയേണ്ട ആവശ്യമേയുള്ളൂ. ഏതായാലും അഹ്മദീ സ്ത്രീകൾ പുറത്തേക്കിറങ്ങുമ്പോൾ, പർദ്ദ ആചരിക്കേണ്ടതാണ്. ഇനി എന്തെങ്കിലും കാരണത്താൽ പർദ്ദ പാലിക്കാൻ കഴിയുന്നില്ലെങ്കിൽ, അത്തരം സ്ത്രീകൾ മേക്കപ്പ് ഒഴിവാക്കേണ്ടതാണ്. തലയെന്തായാലും മറയ്ക്കണം. കാരണം, ഇത് ദീനീപരമായി മാത്രമുള്ള ഒരു ചുറ്റുപാടാണ്. അതുകൊണ്ട് ദീൻ നമ്മോട് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും നാം പൂർത്തിയാക്കേണ്ടതാണ്.

വളണ്ടിയർമാരോട് വീണ്ടും ഞാൻ പറയുകയാണ്. അതിഥികളെ ആദരിക്കുകയും ബഹുമാനിക്കുകയും സേവിക്കുകയും ചെയ്യുക. അത് നിങ്ങളുടെ ശീലമാക്കിത്തീർക്കുക. സ്നേഹത്തോടും സന്തോഷത്തോടുംകൂടി എല്ലാ ത്യാഗങ്ങളും ചെയ്യുക. അതിഥികളും നിയമങ്ങളും ചട്ടങ്ങളും പാലിക്കുക. ജൽസയുടെ സംഘാടകരുമായി പരിപൂർണ്ണമായും സഹകരിക്കുക. ഒരു പരാതിക്കും ഇടകൊടുക്കാതിരിക്കുക.

ഭക്ഷണം നഷ്ടപ്പെടുത്തിക്കളയരുത്. എത്രമാത്രം തിന്നാൻ കഴിയുമോ അത്രമാത്രം പാത്രത്തിലിടുക. ജൽസാദിനങ്ങളിൽ ഭക്ഷണം ഒരുപാട് നഷ്ടപ്പെട്ടുപോകാറുണ്ട്. ഇവിടെ പ്രത്യേകിച്ച്, ഭക്ഷണം നഷ്ടപ്പെടുത്തിക്കളഞ്ഞാൽ പുറത്ത് മാലിന്യം നിറയും. മിക്കവർക്കും, അഴുക്കുകൾ ഇടേണ്ട സ്ഥലത്ത് ഇട്ട് ശീലമുണ്ടാകുകയില്ല. അത് വൃത്തിയെ ബാധിക്കുന്നു.

ഭക്ഷണവിതരണ സ്ഥലത്ത് വാളണ്ടിയർമാർ, അതിഥികൾക്ക് ഇക്കാര്യങ്ങൾ പറഞ്ഞുകൊടുക്കേണ്ടതാണ്. ഭക്ഷണം കഴിക്കുന്നവർ, കഴിച്ചുകഴിഞ്ഞാൽ പേപ്പർപ്ലേറ്റുകൾ അതിടാൻവേണ്ടി വെച്ചിട്ടുള്ള സഞ്ചിയിൽതന്നെ നിക്ഷേപിക്കുക. വളണ്ടിയർമാർക്ക് അത് ഭാരമാവുകയുമില്ല. വന്നിട്ടുള്ളവർതന്നെ അവരവരുടെ വൃത്തിയുടെ കാര്യം ശ്രദ്ധിക്കുക.

ജമാഅത്തി ജൽസയിൽ പങ്കെടുക്കുന്നത് അതൊരു ഉത്സവമാണെന്ന ഉദ്ദേശ്യത്തോടെ ആയിരിക്കരുത്. വെറും പരസ്പരം കാണലും, ഷോപ്പിംഗും ഫാഷൻ പ്രകടിപ്പിക്കലുമായിരിക്കരുത് ലക്ഷ്യം. സ്ത്രീകളെ സംബന്ധിച്ച് പ്രത്യേകിച്ചും. അവർ ഒത്തുചേരുന്നു. സംസാരിക്കുന്നു. തീർന്നു. അതുകൊണ്ട് വളണ്ടിയർമാരും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഈ ജൽസയെ, ഒരിക്കലും ഉത്സവംപോലെ ആകാൻ അനുവദിക്കരുത്. ഹസ്റത്ത മസീഹ് മൗഊദ്(അ)ന്റെ ഒരുദ്ദേശ്യവും ഇതുതന്നെയായിരുന്നു.

വെളിയിൽനിന്നു വരുന്ന ചിലർ, തങ്ങളുടെ പരിചയക്കാരോട് ഷോപ്പിംഗ് നടത്താൻ പണം കടം വാങ്ങാറുണ്ട്. ഇതിൽനിന്നും പന്തിരിയേണ്ടതാണ്. കാരണം ഇത്, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കുക എന്ന ഉദ്ദേശ്യത്തെ നിർമ്മാർജ്ജനം ചെയ്യുന്ന കാര്യമാണ്. പിന്നീട് കൈകൾ ഇങ്ങനെ നീട്ടിക്കൊണ്ടേയിരിക്കും. കടം തിരിച്ചടയ്ക്കണമെന്നോ, എങ്ങനെ അടയ്ക്കണമെന്നോ ഉള്ള ചിന്തപോലും അവശേഷിക്കുകയുമില്ല. ഞാൻ പറഞ്ഞതുപോലെ എന്തുദ്ദേശ്യത്തിനായാണോ നിങ്ങൾ വന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ) വിതരണം ചെയ്യാനാഗ്രഹിക്കുന്ന ആ ഭണ്ഡാരം കരസ്ഥമാക്കാൻ ശ്രമിക്കുക.

സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ ചുറ്റുപാടും എപ്പോഴും ദൃഷ്ടിവയ്ക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അപരിചിതരായ ആളുകളെ കണ്ടാൽ, സംശയം തോന്നിയാൽ സൂക്ഷിക്കേണ്ടതാണ്. ഒച്ചയും ബഹളവും ഉണ്ടാക്കരുത്. സംഘാടകരെ അറിയിക്കാൻ കഴിഞ്ഞാൽ അറിയിക്കുക. ഇല്ലെങ്കിൽ അയാളോടൊപ്പം നില്ക്കുക. താൻ ശ്രദ്ധിക്കപ്പെടുന്നുണ്ടെന്ന് അയാൾക്ക് തോന്നിയാൽ, ദ്രോഹപ്രവർത്തനമൊന്നും ചെയ്യുകയില്ല. അതുകൊണ്ടാണ് പ്രവേശനകാർഡ് നിർബന്ധമായും ഏർപ്പാട് ചെയ്തിരിക്കുന്നത്. അതിലും ആർക്കും ആക്ഷേപം ഉണ്ടാകാൻ പാടില്ല. എന്നല്ല, സന്തോഷത്തോടുകൂടി ഓരോരുത്തരും പരിശോധനയ്ക്കു വിധേയരാവേണ്ടതാണ്.

ചെക്കിംഗ് ചെയ്യുന്ന വളണ്ടിയർമാരും സൗമ്യമായി അതിഥികളോട് പെരുമാറേണ്ടതാണ്. വിലപിടിച്ച സാധനങ്ങളും, പണവും സൂക്ഷിച്ചുവയ്ക്കേണ്ടതും ഓരോരുത്തരുടേയും ഉത്തരവാദിത്തമാണ്. സംഘാടകർ അതിനുത്തരവാദികളായിരിക്കുകയില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം, സാധാരണ ഉത്സവങ്ങളെപ്പോലെ ഈ ജൽസയെ കാണരുതെന്നാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഭൗതികമായ ഉത്സവങ്ങളെപ്പോലെ, അനാവശ്യമായി സംഘടിപ്പിക്കുന്ന ഒന്നല്ല ഈ ജൽസ. ഇതിന്റെ സംഘാടനം ആരോഗ്യകരമായ ഉദ്ദേശ്യവും സൽഫലങ്ങളുമായി ബന്ധപ്പെട്ടതാണ്. വീണ്ടും പറയുന്നു: ഇത് ലോകത്തിലെ തമാശകളെപ്പോലെയുള്ള തമാശയല്ല. ദുആ ചെയ്തുകൊണ്ട് പറയുന്നു: "ഞാൻ ദുആ ചെയ്തുകൊണ്ട് അവസാനിപ്പിക്കുകയാണ്. അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്നവരോടൊപ്പം അവൻ ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സുദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെഴുന്നേല്പ് നാളിൽ അവർ അല്ലാഹുവിന്റെ അനുഗൃഹീതദാസരോടൊപ്പം എഴുന്നേല്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധിയുണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ, ഈ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാളങ്ങൾ കൊണ്ട് നീ വിജയം നല്കേണമേ. എല്ലാ ശക്തിയും കഴിവും നിനക്കു മാത്രമാണ്. ആമീൻ."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയിൽ എല്ലാവരും ഭാഗഭാക്കാകേണ്ടതാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കാവുന്നത്ര ഉണ്ടാക്കിയെടുക്കുക. എല്ലാവരിലും അത്തരം പരിവർത്തനം ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ പുതിയ സ്ഥലമായ, 'ഹദീഖത്തുൽ മഹ്ദി' എന്ന പേരിനുചേർന്നവിധം നാം ഓരോരുത്തരും യഥാർത്ഥത്തിൽ മസീഹിന്റേയും മഹ്ദിയുടേയും യഥാർത്ഥ തോട്ടത്തിന്റെ മനോഹരവും, പരിമളം പരത്തുന്നതും വർണ്ണശബളവുമായ പൂവും കനിയുമാകേണ്ടവരാണ്. അല്ലാഹു നമ്മെ ഇതിന് അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 28.7.2006 at Hadeeqathul Mahdi, Alton,Hampshire

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org